TB Movie Panel Weekly Review

**#moviepanel**

കുമ്മാട്ടി
---------------
Written By: Arjun Anand

മലയാള സിനിമയ്ക്കു ലോകശ്രദ്ധ നേടിക്കൊടുത്ത സംവിധായകരിൽ ഒരാളാണ് ജി അരവിന്ദൻ... കാർട്ടൂണിസ്റ്റും ചിത്രകാരനും കൂടി ആയിരുന്ന അരവിന്ദൻ പതിവ് ശൈലികളിൽ നിന്നും മാറി മലയാള സിനിമയ്ക്ക് സമാന്തരപാത തെളിച്ചുകൊടുത്തവരിൽ പ്രധാനി ആണ്... അദ്ദേഹത്തിന്റെ നാലാമത്തെ ചിത്രമാണ് കുമ്മാട്ടി...

കുമ്മാട്ടി എന്ന പദത്തിന് വ്യത്യസ്ത അർഥങ്ങൾ കല്പിച്ചുകൊടുക്കാം എങ്കിലും ഇവിടെ ഒരു മായാജാലക്കാരൻ എന്ന വിശദീകരണം ആണ് കൂടുതൽ യോജിക്കുക...

ചിണ്ടൻ എന്ന കുട്ടിയുടെ ദിനചര്യകളിലൂടെയും ചിന്തകളിലൂടെയും ആണ് ചിത്രം ആരംഭിക്കുന്നത്...ചിണ്ടന്റെയും ഗ്രാമത്തിലെ മറ്റു കുട്ടികളുടെയും പേടി സ്വപ്നം ആണ് കുമ്മാട്ടി... അമ്പലമുറ്റത്തെ മുത്തശ്ശി പറഞ്ഞ സംഭവങ്ങളും കെട്ടുകഥകളും ഒക്കെ ചേർന്ന് കുട്ടികളുടെ മനസ്സിൽ രൂപപ്പെട്ട ചിന്തകൾ ആ ഭയത്തിന്റെ ആഴം കൂടാൻ കാരണമായിട്ടുണ്ടാവാം.. എങ്കിലും കുമ്മാട്ടിയെ കുറിച്ച് തമാശയായി "മാനത്തെ മച്ചോളം തലയെടുത്ത്, പാതാളക്കുഴിയോളം പാദംനട്ട്, മാലചേലക്കൂറ ചുറ്റി " എന്ന് പാട്ടുപാടി നൃത്തം ചെയ്യുന്ന കുട്ടികളെയും കാണാം... അങ്ങനെ ഇരിക്കെ ഒരു സുപ്രഭാതത്തിൽ " ആരമ്പത്തീരമ്പത്തൂരമ്പം-ആലേലുല ചേലുല പാലുല കിഴക്ക് നേരെ - മലക്കുമേലെ പഴുക്ക പാക്കിന്റെ പഴുപ്പും കൊഴുപ്പും മുഴുപ്പും" പാടിക്കൊണ്ട് കുമ്മാട്ടി ആ ഗ്രാമത്തിലേയ്ക്ക് വരുന്നു.. അമാനുഷികനും പറക്കാനും മറ്റും ശേഷിയുള്ളവനും മാന്ത്രികനുമായ കുമ്മാട്ടിയെ തങ്ങളുടെ ഭാവനയിൽ സങ്കല്പിച്ചിരുന്ന കുട്ടികളുടെ മുൻപിലേക്ക് എത്തിയത് വൃദ്ധൻ ആയ, ക്ഷീണിതൻ ആയ, കൃത്രിമ താടി വച്ച കുമ്മാട്ടി ആണ്.. ആരംഭത്തിൽ കുമ്മാട്ടിയെ ഭയപ്പെട്ടിരുന്ന ചിണ്ടനും കൂട്ടുകാരും ക്രമേണ കുമ്മാട്ടിയുമായി സൗഹൃദത്തിൽ ആവുന്നു... തന്നെ കാണാൻ എത്തിയ കുട്ടികൾക്കെല്ലാം കുമ്മാട്ടി മൃഗങ്ങളുടെ രൂപത്തിൽ ഉള്ള ബിസ്ക്കറ്റ് നൽകുന്നുണ്ട്... ഗ്രാമം വിട്ടുപോകാൻ ഒരുങ്ങുന്ന കുമ്മാട്ടി കുട്ടികളുടെ സ്നേഹപൂർവമുള്ള നിർബന്ധത്തിനു വഴങ്ങി അവരുടെ കൂടെ പാട്ടുപാടുവാനും നൃത്തം ചെയ്യുവാനും കളിക്കുവാനും തയ്യാറാകുന്നു.. തുടർന്ന് മൃഗങ്ങളുടെ മുഖം മൂടികൾ കുട്ടികൾക്ക് നൽകുകയും കുമ്മാട്ടി അവരെ ഒക്കെ മൃഗങ്ങളാക്കി മാറ്റുകയും ചെയ്യുന്നു... പക്ഷെ നായ ആയി മാറിയ ചിണ്ടൻ മാത്രം കൂട്ടം തെറ്റി

ഓടിപ്പോകുന്നു... അതിനാൽ മറ്റുള്ളവരെ യഥാർത്ഥ രൂപത്തിൽ ആക്കിയെങ്കിലും ചിണ്ടനെ മാത്രം രൂപം മാറ്റാൻ കുമ്മാട്ടിക്ക് കഴിയാതെ പോകുന്നു..ശേഷം കുമ്മാട്ടി ആ ഗ്രാമം വിട്ടു പോകുകയും ചെയ്യുന്നു.. നായ ആയി മാറിയ ചിണ്ടൻ ഓടി മറ്റൊരു വലിയ വീട്ടിൽ എത്തിച്ചേരുകയും അവർ അവനെ ചങ്ങലയിൽ ബന്ധിക്കുകയും ചെയ്യുന്നു... പക്ഷെ നാടൻ പട്ടിയായ അവനെ അവർ കെട്ടഴിച്ചു വിടുകയും ചിണ്ടൻ തിരികെ നാട്ടിലേയ്ക്ക് ഓടി എത്തുകയും ചെയ്യുന്നു.. വീട്ടിൽ തിരിച്ചെത്തിയ അവനെ അവന്റെ അച്ഛനും അമ്മയും സഹോദരിയും നായയുടെ രൂപത്തിൽ പോലും തിരിച്ചറിയുന്നതായി നമുക്ക് കാണാം... നായയുടെ രൂപത്തിൽ കഴിഞ്ഞ ചിണ്ടൻ കാത്തിരുന്നത് കുമ്മാട്ടിയുടെ പാട്ടിനായാണ്... പെട്ടെന്ന് ഒരു ദിവസം "ആരമ്പത്തീരമ്പത്തൂരമ്പം- ആലേലുല ചേലുല പാലുല കിഴക്ക് നേരെ -മലക്കുമേലെ പഴുക്ക പാക്കിന്റെ പഴുപ്പും കൊഴുപ്പും മുഴുപ്പും" എന്ന വരികൾ കേട്ട ചിണ്ടൻ കുമ്മാട്ടിയുടെ ശബ്ദം തിരിച്ചറിഞ്ഞു അയാളുടെ അടുത്തേയ്ക്ക് ഓടി എത്തുകയാണ്...ദുഖവും സന്തോഷവും ഇടകലർന്ന ഒരു വിങ്ങലോടെ കുമ്മാട്ടി " ചിണ്ടാ എന്റെ മോനെ " എന്ന് വിളിച്ചുകൊണ്ടു അവനെ കെട്ടിപിടിക്കുകയും തുടർന്ന് അവന് തന്റെ യഥാർത്ഥ രൂപം തിരിച്ചുകിട്ടുകയും ചെയ്യുന്നു...ഈ മഹാത്ഭുതം കാണാനായി ആ ഗ്രാമം മുഴുവൻ അവിടേയ്ക്ക് ഒഴുകി എത്തി...

തികച്ചും കുട്ടികൾക്കായി സൃഷ്ടിക്കപെട്ടിരിക്കുന്ന ഈ ചിത്രം പക്ഷെ മുതിർന്നവർക്കും ചില ഓർമപ്പെടുത്തലുകൾ നൽകുന്നുണ്ട്..തിരികെ വീട്ടിൽ എത്തിയ ചിണ്ടൻ കൂട്ടിൽ കിടന്ന തത്തയെ സ്വതന്ത്രയാക്കുന്ന രംഗം അതിനൊരു ഉദാഹരണം ആണ്.. താൻ നായ ആയി രൂപമാറ്റം ചെയ്യപ്പെട്ട നാളുകളിൽ ഒരു ചങ്ങലയുടെ കണ്ണികൾക്കിടയിൽ നഷ്ടപ്പെട്ട തന്റെ സ്വാതന്ത്ര്യത്തിന്റെ വിങ്ങുന്ന ഓർമ്മകൾ ആണ് ചിണ്ടനെകൊണ്ട് അത് ചെയ്യിക്കുന്നത് ...നിയന്ത്രണങ്ങളാലും പരിധികകളാലും തലയ്ക്കാതെ സ്വന്തതന്ത്രരായി ജീവിക്കുവാൻ ഉള്ള എല്ലാ ജീവജാലങ്ങളുടെയും അവകാശത്തെ ഓർമിപ്പിച്ചുകൊണ്ട് അങ്ങ് അകലെ ആകാശത്തു കിളികൾ സ്വതന്ത്രമായി പറക്കുന്ന മനോഹരദൃശ്യത്തിലൂടെ ചിത്രം അവസാനിക്കുമ്പോൾ കഴിഞ്ഞതൊക്കെ ഒരു പേക്കിനാവ് ആണോ അതോ യഥാർഥ്യമാണോ എന്ന് ചിണ്ടനെ പോലെ പ്രേക്ഷകനിലും സംശയവും ജിജ്ഞാസയും അവശേഷിപ്പിക്കുന്നുണ്ട് ചിത്രം..

കാവ്യാത്മകശൈലിയിലൂടെ ഒരു മുത്തശ്ശി കഥപോലെ ആണ് അരവിന്ദൻ കുമ്മാട്ടി ഒരുക്കിരിക്കുന്നത്...അരവിന്ദൻ സിനിമകളിൽ സ്വാഭാവിമായി അനുഭവപ്പെടാറുള്ള പതിഞ്ഞ താളത്തിലാണ് കുമ്മാട്ടിയും സഞ്ചരിക്കുന്നത്.... സിനിമ സാങ്കേതികപരമായി വേഗതയും വളർച്ചയും കൈവരിച്ച വർത്തമാനകലത്തിൽ ഇരുന്നു നാം പിന്നോട്ട് നോക്കുമ്പോൾ കുമ്മാട്ടി ഇറങ്ങിയ കാലഘട്ടം കണക്കിലെടുത്താൽ ഏതൊരാൾക്കും മനസ്സിലാക്കാവുന്ന പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട്

സൃഷ്ടിക്കപ്പെട്ടതിന്റെ ചെറിയ പോരായ്മകൾക്കിടയിലും വ്യത്യസ്ത കാലഘട്ടങ്ങളിലും വ്യത്യസ്ത സ്ഥലങ്ങളിലും ഉള്ളവർക്ക് സ്വീകാര്യമായ പ്രമേയം തന്നെ ആണ് കുമ്മാട്ടിയുടേത്.. കുട്ടികൾക്കായി ഇറങ്ങിയവയിൽ മികച്ചത് എന്ന് കണക്കാക്കപ്പെടുന്ന സിനിമകളുടെ പട്ടികയിൽ മുൻനിരയിൽ ഉണ്ടാവും കുമ്മാട്ടി..

അമ്പലപ്പുഴ രാമുണ്ണി എന്ന നടൻ ആണ് കുമ്മാട്ടിയെ മനോഹരമാക്കിയിരിക്കുന്നത്... നാല്പത്തിമൂന്ന് വർഷങ്ങൾക്ക് മുൻപിറങ്ങിയ ഒരു ചിത്രത്തിന് എത്രത്തോളം സാങ്കേതികപരമായ പരിമതികൾക്കുള്ളിൽ നിന്നു കൊണ്ട് അതിമനോഹരമായി ദൃശ്യവത്കരിക്കപ്പെട്ട ഒരു മനോഹര സൃഷ്ടി ആണ് കുമ്മാട്ടി...സാങ്കേതികപരമായി വളർച്ചയെത്തിയിട്ടില്ലാത്ത ആ കാലത്ത് മൃഗങ്ങളിലൂടെ വൈകാരികത പ്രേക്ഷകരിലേക്ക് എത്തിക്കാം എന്നതിനെ പറ്റി ചിന്തിക്കാൻ പോലും പലരും ധൈര്യപ്പെടാതെ ഇരുന്ന കാലത്താണ് അരവിന്ദൻ എന്ന കലാകാരൻ ഇങ്ങനെ ഒരു പരീക്ഷണത്തിന് മുതിർന്നത്...കാവാലം നാരായണപ്പണിക്കരുടെ കഥയ്ക്ക് തിരക്കഥ ഒരുക്കിയിരിക്കുന്നത് അരവിന്ദൻ ആണ്..

വിശ്വാസങ്ങളും സങ്കൽപ്പങ്ങളും കെട്ടുകഥകളും ഒക്കെ ആളുകളുടെ ചിന്തകളെ സ്വാധീനിക്കുന്ന ഗ്രാമത്തിൽ ജീവിക്കുമ്പോഴും കുട്ടികൾ കുസൃതികളിലൂടെ ചില ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്... അതിനവരെ പ്രാപ്തരാക്കുന്നത് വിദ്യാഭ്യാസം തന്നെയാണ്.കുമ്മാട്ടിയെക്കുറിച്ച് അമ്പലമുറ്റത്തെ മുത്തശ്ശിയിൽ നിന്നും അറിയുന്ന ഐതിഹ്യസ്വഭാവമുള്ള കെട്ടുകഥകൾക്ക് ഒപ്പം തന്നെ അവർ പള്ളിക്കൂടത്തിൽ ജനാധിപത്യത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചുമൊക്കെ പഠിക്കുന്നുണ്ട്.

പിൽകാലത്ത് നിരവധി അനവധി ക്ലാസ്സിക്കുകളുടെ സംവിധായകൻ ആയി മാറിയ ഷാജി എൻ കരുൺ ആണ് കുമ്മാട്ടിയുടെ മായാജാലങ്ങളുടെയും അക്കാലത്തെ കേരളീയ ഗ്രാമത്തിന്റെ ചാരുതയും ക്യാമറയിലേക്ക് പകർത്തിയത്...പഴയകാല മലബാറിന്റെ ദൃശ്യഭംഗി ആവോളം പകർത്തിയ ഫ്രയിമുകളാൽ സമ്പന്നം ആണ് ചിത്രം...

നാടൻ പാട്ടുകൾ ചാരുതയേകിയ നിരവധി മുഹൂർത്തങ്ങൾ ഉണ്ട് ചിത്രത്തിൽ... കാവാലം നാരായണപണിക്കരും അരവിന്ദനും ചേർന്ന് എഴുതിയ വരികൾക്ക് ഈണം ഒരുക്കിയത് എം ജി രാധാകൃഷ്ണൻ ആണ്..."കറുകറെ കാർമുകിൽ " എന്ന് തുടങ്ങുന്ന നമുക്ക് ഏറെ പരിചിതമായ ഗാനം അതിൽ ഒന്ന് മാത്രം..

ഇന്ത്യയ്ക്ക് അകത്തും പുറത്തും നിരവധി ചലച്ചിത്ര മേളകളിൽ പ്രദർശിപ്പിക്കപ്പെട്ടെങ്കിലും, 1979 ലെ ഏറ്റവും നല്ല കുട്ടികളുടെ സിനിമ പുരസ്കാരം നേടിയെങ്കിലും കുട്ടികൾക്കായുള്ള ചിത്രം എന്ന നിലയിൽ

പുറത്തിറങ്ങിയതുകൊണ്ടായിരുന്നിരിക്കാം കുമ്മാട്ടി അരവിന്ദന്റെ മറ്റു ചിത്രങ്ങൾ പോലെ ശ്രദ്ധിക്കപ്പെട്ടില്ല...പക്ഷെ കാലം കാത്തുവച്ചത് മറ്റൊന്ന് ആയിരുന്നു...വർത്തമാനകാലത്തിൽ കുമ്മാട്ടി എന്ന വിസ്മയവും അത് തീർത്ത അരവിന്ദൻ എന്ന മായാജാലക്കാരനും ലോക സിനിമപ്രേക്ഷകർക്കിടയിൽ ചർച്ച ആവുകയാണ്... വിശ്വവിഖ്യാത സംവിധായകൻ മാർട്ടിൻ സ്കോർസസിയുടെ നേതൃത്വത്തിൽ ഉള്ള "ഫിലിം ഫൌണ്ടേഷൻ" എന്ന സംഘടനയുടെ "വേൾഡ് സിനിമ പ്രൊജക്റ്റിൽ "ൽ 46 സിനിമകളുടെ പട്ടികയിൽ കുമ്മാട്ടിയും ഉൾപ്പെടുത്തി..
സംവിധായകനും ഫിലിം ആര്ക്കൈവ് രംഗത്ത് പ്രവര്ത്തിക്കുന്നയാളുമായ ശിവേന്ദ്ര സിങ് ദുങ്ഗാര്പ്പൂര് ഡയറക്ടര് ആയ മുംബൈ ആസ്ഥാനമായ ഫിലിം ഹെറിറ്റേജ് ഫൗണ്ടേഷനാണ്ഇന്ത്യയിൽ നിന്നും ഇതിനു മുൻകൈ എടുത്തത് ...വേള്ഡ് സിനിമ പ്രൊജക്റ്റിന്റെ ലക്ഷ്യം ലോകത്തിലെ ശ്രദ്ധ നേടാഞ്ഞ മികച്ച ചിത്രങ്ങളെ റീസ്റ്റോര് ചെയ്ത് സംരക്ഷിക്കുക എന്നതാണ്.

ചില കൗതുകങ്ങൾ.... കുമ്മാട്ടിയും അരവിന്ദൻ എന്ന മായാജാലക്കാരനും
---------------------------------------------------------------------

*പ്രശസ്ത സാഹിത്യകാരൻ എം എൻ ഗോവിന്ദൻ നായരുടെ മകൻ ആണ് അരവിന്ദൻ

*സസ്യശാസ്ത്രത്തിലെ ബിരുദം നേടിയ ശേഷം റബ്ബർ ബോർഡിൽ ജീവനക്കാരനായി

*ജീവിതത്തിൽ പ്രകടമാകുന്ന ഹിപ്പോക്രസി, ജീവിതവിജയത്തിനു വേണ്ടി വ്യക്തികൾ നടത്തുന്ന കുത്സിതശ്രമങ്ങൾ എന്നിങ്ങനെയുള്ള പ്രമേയങ്ങളിലൂടെ സമകാലികജീവിതത്തെ രാമു ഗുരുജി എന്നീ കഥാപാത്രങ്ങളിലൂടെ വിശകലനം ചെയ്യുന്ന ചെറിയ മനുഷ്യരും വലിയ ലോകവും എന്ന കാർട്ടൂൺ പരമ്പര മാതൃഭൂമി ആഴ്ചപതിപ്പിൽ ചെയ്തു വന്നു..

* റബ്ബർ ബോർഡ് ജീവനക്കാരനായിരിക്കെ കോഴിക്കോട്ട് നിയമിതനായ അരവിന്ദന് നഗരത്തിൽ ഒരു നല്ല സുഹൃദ്‌വലയമുണ്ടായിരുന്നു..

* " ഉത്തരായനം " എന്ന ചിത്രത്തിലൂടെ അരവിന്ദൻ സംവിധായക വേഷം അണിഞ്ഞു..

* അരവിന്ദന്റെ നാലാമത്തെ ചിത്രം ആണ് കുമ്മാട്ടി.

*അമ്പലപ്പുഴ രാമുണ്ണി എന്ന നടൻ ആണ് കുമ്മാട്ടിയെ മനോഹരമാക്കിയിരിക്കുന്നത്

*കുമ്മാട്ടിയായി അഭിനയിക്കാന് അമ്പലപ്പുഴ രാമുണ്ണിയെ ജി. അരവിന്ദനും കാവാലം നാരായണ പണിക്കരും അന്വേഷിച്ചു പോകുമ്പോള് അദ്ദേഹം ഒരു ഗ്രാമത്തില് ബാലെ സംവിധാനം ചെയ്യുന്ന തിരക്കിലായിരുന്നു.

*നാദസ്വര രംഗത്ത് കേരളീയമായ ശൈലി രൂപീകരിച്ച 'അമ്പലപ്പുഴ ബ്രദേഴ്സ്' എന്നറിയപ്പെടുന്ന കെ. ശങ്കരനാരായണ പണിക്കര്, കെ. ഗോപാലകൃഷ്ണ പണിക്കര്, കെ. രാമകൃഷ്ണ
പണിക്കര് എന്നിവരില് ഇളയവനായ രാമകൃഷ്ണ പണിക്കരാണ് കുമ്മാട്ടി എന്ന ടൈറ്റില് കഥാപാത്രത്തെ അവതരിപ്പിച്ച അമ്പലപ്പുഴ രാമുണ്ണി.

*മലയാള സിനിമയില് ഈ രാമുണ്ണിയെ നേരത്തെ കണ്ടത് 1951ല് ഇറങ്ങിയ 'ജീവിതനൗക'യില് "ആനത്തലയോളം വെണ്ണതരാമെടാ..." എന്ന ഗാനരംഗത്ത് നൃത്തം ചെയ്യുന്ന പെണ്കുട്ടിക്ക് അകമ്പടിയായി പാടുന്ന ഗായകനായിട്ടാണ്. സിനിമയില് ആ നൃത്തം ചിട്ടപ്പെടുത്തിയതും രാമുണ്ണി തന്നെയായിരുന്നു.

*മാർട്ടിൻ സ്കോർസസയുടെ നേതൃത്വത്തിൽ ഉള്ള ഫിലിം ഫൗണ്ടേഷനും,സംവിധായകനും ഫിലിം ആര്ക്കൈവ് രംഗത്ത് പ്രവര്ത്തിക്കുന്നയാളുമായ ശിവേന്ദ്ര സിങ് ദുങ്ഗാര്പ്പൂര് ഡയറക്ടര് ആയ മുംബൈ ആസ്ഥാനമായ ഫിലിം ഹെറിറ്റേജ് ഫൗണ്ടേഷനും ചേർന്നാണ് കുമ്മാട്ടി റീസ്റ്റോർ ചെയ്യാൻ മുൻകൈ എടുത്തത്.

*മറ്റു പല ക്ലാസിക്കുകൾക്കും സംഭവിച്ചതുപോലെ തന്നെ കുമ്മാട്ടിയുടെയും നെഗറ്റീവുകൾ നശിച്ചുപോയിരുന്നു..

*നാഷണൽ ഫിലിം ആർക്കൈവിന്റെ ശേഖരത്തിൽ ഉണ്ടായിരുന്ന 35 എം എം പ്രിന്റ് മാത്രം ആണ് ഉണ്ടായിയുന്നത്..

*കുമ്മാട്ടിയുടെ പ്രിന്റിന്റെ അവസ്ഥ വളരെ മോശം ആയിരുന്നതിനാൽ ഗ്രേഡിങ് നടത്തേണ്ടിയിരുന്നത് അത്യാവശ്യം ആയിരുന്നു..

* കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ ഷാജി എൻ കരുൺ, ഫോട്ടോഗ്രാഫറും പെയിന്ററും ആയ രാമു അരവിന്ദന്റെ സഹായത്തോടെ ഓൺലൈൻ ആയാണ് ഗ്രേഡിങ് നടത്തിയത്

*ഷാജി എൻ കരുണിന്റെ ഓർമകളും പ്രസാദ് ലാബിലെ ഒരു കളറിസ്റ്റിന്റെ ഓർമകളും ഒക്കെ അടിസ്ഥാനമാക്കിയാണ് ഗ്രേഡിങ് പ്രവര്ത്തനങ്ങള് നടത്തിയത്

*കുമ്മാട്ടി ചിത്രീകരിച്ച കാസര്ഗോഡ് ജില്ലയിലെ ചീമേനിയിൽ ആണ്..മറ്റൊരു പ്രൊജക്റ്റിനായി രാമു അരവിന്ദൻ കുറച്ചു ഫൊട്ടോഗ്രാഫുകള് കുറച്ചു വര്ഷങ്ങള്ക്ക് എടുത്തിരുന്നതും

കളര്‍ കറക്ഷന് ഉപകാരപ്പെട്ടു

*കുമ്മാട്ടിക്ക് ശേഷം അരവിന്ദന്റെ 'തമ്പ്' ആണ് ഫിലിം ഹെറിറ്റേജ് ഫൌണ്ടേഷന് വേള്‍ഡ് സിനിമാ പ്രോജക്ടുമായി ചേര്‍ന്ന് അടുത്തതായി ചെയ്യാന് പോകുന്നത്.

അര്‍ഹിക്കപ്പെട്ട സ്വീകാര്യതയും അംഗീകാരവും ലോകസിനിമ പ്രേക്ഷകരില്‍ നിന്നും അരവിന്ദനെ തേടിയെത്തും എന്ന് പ്രതീക്ഷയോടെ കാത്തിരിക്കാം...

കുമ്മാട്ടി വെറും ഒരു സിനിമ അല്ല കവിത പോലെ പ്രേക്ഷകന്റെ സിരകളിലേക്കും ഹൃദയത്തിലേക്കും പടരുന്ന ഒരു അനുഭവം ആണ്...